**മാധ്യമങ്ങൾ ഇനിയും പ്രതിനിധീകരിക്കാത്ത ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന കർഷക സമൂഹത്തിന്റെ ജീവിതത്തിൽ ദാരിദ്ര്യവും പട്ടിണിയും തന്നെയാണ് ഇപ്പോഴും പ്രധാന വിഷയമെന്നും ജസ്സീക്കാ ലാലിന്റെയോ പ്രിയദർശിനി മുട്ടുവിന്റെയോ കേസുകൾ കൈകാര്യം ചെയ്യാൻ സ്ഥലവും ധൈര്യവുമുള്ള മാധ്യമങ്ങൾ ഈ വിഷയങ്ങൾ അവഗണിക്കാനുള്ള കാരണമെന്തെന്നും വിശദീകരിക്കുന്നു ദേവീന്ദർ ശർമ്മ**

**പരിഭാഷ: കെ.എ. അജിതൻ**

# മാധ്യമങ്ങൾ ഫോർത്ത് എസ്റ്റേറ്റോ?

1980കളുടെ തുടക്കകാലമായിരുന്ന അന്ന്. ചാണ്ഢീഗഡിൽ, ഇതിൽ എക്സപ്രസ് പത്രത്തിന്റെ കൃഷികാര്യലേഖകനായി ഞാൻ ജോലിയ്ക്കു ചേർന്നിട്ടേയുള്ളൂ. എന്റെ സുഹൃത്ത് ശ്രീ. സജ്ജീവ് ഗൗർ (പിന്നീട്, പഞ്ചാബ് ഭീകരവാദ സമയത്ത് അമൃതസറിലെ സുവർണ്ണ ക്ഷേത്രത്തിനു പുറത്തുവച്ച് കൊലചെയ്യപ്പെട്ടു.) ആയിടെ ഒരുഗ്രൻ വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഒന്നാം പേജിൽത്തന്നെ ഇടം കണ്ടെത്തിയ ആ റിപ്പോർട്ട് അതിന്റെ പ്രതികരണങ്ങളും ഇന്നും എന്റെ ഉറക്കം കെടുത്തുന്നു. സെക്ടർ 17ലെ ഷോപ്പിംങ് കോംപ്ലക്സിലെ സ്ഥിരം സന്ദർശകർക്ക് പരിചിതനായ ഒരു ഭിക്ഷക്കാരൻ മനോരോഗിയെ കടയിൽനിന്നും ഒരു കുപ്പിപാൽ മോഷ്ടിച്ചതിന്റെ പേരിൽ പിടികൂടി പോലീസിലേൽപിച്ചെന്നാണ് വാർത്ത. കേവലം മൂന്നുരൂപ വിലയുള്ള പാൽ കട്ടെടുത്തതിന് അയാൾ ജയിലിലടക്കപ്പെടുകയും ഒരാഴ്ചക്കകം പോലീസ് കസ്റ്റഡിയിൽ വച്ചുതന്നെ മരണപ്പെടുകയും ചെയ്തു.

ദശാബ്ദങ്ങൾക്കുശേഷം ഇവിടെ സംഭവിക്കുന്നതെന്താണ്? എതാനും പണക്കാർ ചേർന്ന് 16,0000 കോടി രൂപയോളം ദേശസാൽകൃത ബാങ്കുകളെ വഞ്ചിച്ച് എന്ന് കേൾക്കുമ്പോൾ രാജ്യത്തെ സാക്ഷരരും സമുന്നതരുമായവർക്ക് അത് തരിമ്പും അന്യായമായി തോന്നുന്നില്ല. കുറ്റക്കാർ എന്തുകൊണ്ട് ജയിലിലടക്കപ്പെടുന്നില്ല എന്നു ചോദിയ്ക്കാൻ വളരെപ്പേരൊന്നും ചാടിയെണീറ്റില്ല. ഈ തുകയിൽ നിന്നും ഏതാണ്ട് 45,000 കോടിയോളം ഇതിനോടകം എഴുതിത്തള്ളപ്പെട്ടുകഴിഞ്ഞു. ഈ തുകയുടെ പത്തുശതമാനം 10,000 കോടി രൂപ – മതി രാജ്യത്തെ 32 കോടി പട്ടിണിക്കാർക്ക് ആഹാരം കൊടുക്കാൻ എന്ന് ആരും ശ്രദ്ധിച്ചിരിക്കില്ല. യൂറോപ്യൻ യൂണിയനിലെ മൊത്തം ജനസംഖ്യയുടെ അത്രയും വരും ഇന്ത്യയിലെ പട്ടിണിക്കാരുടെ എണ്ണമെന്ന് പലരും മറന്നു പോവുന്നു. ബജറ്റ് അവതരണ സമയത്ത് ചേംബർ ഓഫ് കോമേഴ്സ് ഓഫീസിലും മറ്റും വരിനിന്ന്, കർഷകനെ ദുരിതത്തിലാഴ്ത്തുന്ന, സർക്കാരിനെ കുറ്റപ്പെടുത്തുന്നവരെ കാണാം. മാധ്യമങ്ങൾ ലൈവായി ഇത്തരം കാര്യങ്ങൾ സംപ്രേഷണം ചെയ്യുന്നു. സർ



**പാരിസ്ഥിതിക മലിനീകരണത്തിൽ പ്രധാനി വാഹന നിർമ്മാതാക്കളാണെന്ന് ഏവരും തലകുലുക്കി സമ്മതിക്കുന്ന വസ്തുതയാണിതെങ്കിലും ഭീമൻ വാഹനനിർമ്മാതാക്കൾ ഇന്ത്യയിലേക്കു കളം മാറുമ്പോൾ മാധ്യമങ്ങൾ മൗനികളാകുന്നു. വിദേശ മൂലധനനിക്ഷേപത്തിന്റെയും തൊഴിലവസര വർദ്ധനവിന്റെയും ഊതിപ്പെരുപ്പിച്ച കണക്കുകൾക്കിടയിൽ വാഹനങ്ങളുണ്ടാക്കാൻ ഉപഭോഗം ചെയ്യപ്പെടുന്ന വെള്ളത്തിന്റെ അളവ് ആരും ശ്രദ്ധിക്കുന്നില്ല. ഏറ്റവും കൂടുതൽ ജലം ചൂഷണം ചെയ്യുന്നത് വാഹനനിർമ്മാതാക്കളാണ്. അങ്ങനെയുണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും മനുഷ്യാരോഗ്യത്തിനുണ്ടാകുന്ന വിപരീതഫലങ്ങളും മാധ്യമങ്ങൾക്ക് വിഷയമാകുന്നില്ല. പുത്തൻ കാറുകളുടെ പുതുപുത്തൻ മോഡലുകൾ അവതരിപ്പിക്കാത്ത ഒരൊറ്റ ടെലിവിഷൻ ചാനലുമില്ല**

ക്കാർ ഖജനാവ് വ്യവസായ ക്ഷേമത്തിനു വേണ്ടി തുറന്നുകൊടുക്കുമ്പോൾ മാധ്യമങ്ങൾ ധനമന്ത്രിയെ പ്രകീർത്തിക്കുന്നു. ശരാശരി 1.47 ഹെക്ടർ മാത്രം കൈവശഭൂമിയുള്ള രാജ്യത്തെ 55 കോടി ജനങ്ങൾക്ക് സബ്സിഡികൾ പ്രഖ്യാപിക്കുമ്പോൾ അവർ രോഷം കൊള്ളുന്നു. ധനകാര്യമന്ത്രി കണ്ടറിഞ്ഞ് പരിഗണിച്ചില്ലെങ്കിൽ രാജ്യത്തെ വ്യവസായികളെല്ലാം നിരാശരാണ്. വളർച്ചയുടെ പ്രതീകങ്ങളും ഖജനാവിന്റെ നടത്തിപ്പുകാരും അവരാണല്ലോ! ബജറ്റിൽ തങ്ങളുടെ വിഹിതം എത്രയുണ്ടെന്ന് പട്ടിണിക്കാരും പാവപ്പെട്ടവരും എന്തുകൊണ്ട് ചോദിക്കുന്നില്ല? ഏതെങ്കിലും കർഷകനോടോ വഴിവാണിഭക്കാരോടോ ബജറ്റിനെക്കുറിച്ച് വിലയിരുത്താനോ മാറ്റോ ഏതെങ്കിലും മാധ്യമപ്രതിഭകൾ അന്വേഷിക്കുന്നതായി കണ്ടിട്ടുണ്ടോ?

2008 ലെ ബജറ്റ് എടുക്കൂ. രണ്ട് ഹെക്ടറിൽ കുറവ് ഭൂമിയുള്ളവർക്ക് 60,000 കോടി രൂപയുടെ കടാശ്വാസപദ്ധതികൾ ധനമന്ത്രി പ്രഖ്യാപിയ്ക്കുകയുണ്ടായി. മുഖ്യധാരാ മാധ്യമങ്ങളിലെ പ്രധാന ചർച്ചാ വിഷയമായിരുന്നു അത്.  തെരഞ്ഞെടുപ്പ് വർഷത്തിലെ രാഷ്ട്രീയാവശ്യമായിരുന്നു അതെന്ന് സാമ്പത്തിക വിദഗ്ധരും മുതലാളിമാരും വിലയിരുത്തി. രാഷ്ട്രീയത്തിനു വേണ്ടി സാമ്പത്തിക ശാസ്ത്രത്തെ ബലികൊടുത്തുവെന്നായിരുന്നു തലക്കെട്ടുകൾ. ഈ പണം എവിടെനിന്നുണ്ടാക്കുമെന്ന് മാധ്യമങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. വ്യവസായ വൻതോക്കുകൾക്കായി ഓരോ വർഷവും കോരിച്ചൊരിയുന്ന ആദായ ആശ്വാസങ്ങളെക്കുറിച്ച് ആരും മിണ്ടിയില്ല. 2004-05 നുശേഷം കമ്പനി മുതലാളിമാരുടെ ആദായനികുതി ഇനത്തിൽമാത്രം 10,00000 കോടി രൂപയുടെ റിബേറ്റുകൾ അനുവദിക്കുകയുണ്ടായി. അതേക്കുറിച്ചൊന്നും ഒരു ചോദ്യവുമുണ്ടായില്ല. ഒരു പുരികവുമുയർന്നില്ല. പക്ഷേ കർഷകന് ചില്ലറ സഹായങ്ങൾ പ്രഖ്യാപിച്ചപ്പോൾ മാധ്യമങ്ങൾ പ്രകോപിതരായി.

ചില വസ്തുതകൾകൂടി നോക്കൂ. രാജ്യം 'സുഖാനുഭൂതി'യുടെ കപട ആത്മീയതയിലാറാടുമ്പോൾ ഒറീസ്സയിലെ സുമിത്രാ ബെഹ്റ കേവലം പത്തു രൂപയ്ക്ക് തന്റെ ഒരു മാസം പ്രായമായ പെൺകുഞ്ഞിനെ വിറ്റത് ആരും ശ്രദ്ധിച്ചില്ല. മറ്റ് രണ്ട് കുട്ടികൾക്കും ആഹാരം വാങ്ങാൻ ആ അമ്മയ്ക്ക് മറ്റ് വഴിയൊന്നുമുണ്ടായിരുന്നില്ല. 2003 ഡിസംബറിൽ ഒറീസ്സയിലെ മറ്റ് ജില്ലകളിൽനിന്നും ശിശുവില്പനയുടെ റിപ്പോർട്ടുകൾ വന്നു. രണ്ട് ദശാബ്ദങ്ങൾക്കുശേഷം രാജ്യത്തെ ഒരു പ്രധാന പത്രം ഒരു സത്രീയെ 2000 രൂപക്ക് വാങ്ങിയെന്നുകേട്ട് വിഹ്വലപ്പെടുന്നു. ജീവൻ പണയം വച്ച് സംഗതിയന്വേഷിച്ച ആ പത്രപ്രവർത്തകൻ ഒരു ജോഡി ചെരുപ്പിനുപോലും അതിനേക്കാൾ വിലയുണ്ടെന്ന് പരിതപിക്കുന്നു. തിളങ്ങുന്ന ഇന്ത്യയുടെ മറ്റൊരു മുഖം ഒളിപ്പിച്ചുവച്ചിട്ടുള്ളതു കണ്ടെത്താൻ ഏറെ അവഗാഹമൊന്നും വേണ്ട. ഒരു കുഞ്ഞിനെ വാങ്ങാനിപ്പോൾ ഒരു കുപ്പി മിനറൽ വാട്ടറിന്റെ വില പോലും കൊടുക്കേണ്ട. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും ഒരു ഹരിയാനക്കാരന് (സ്ത്രീ പുരുഷാനുപാതം  ഇവിടെ ഏറെ കഠിനം) വധുവിനെ വാങ്ങണമെങ്കിൽ 50,000 രൂപ പോലും വേണ്ട. 'സുഖാനുഭൂതി'യുടെ പുറംകാഴ്ചക്കുള്ളിൽ പട്ടിണിയുടെ ഭീകരമുഖം മറച്ചുവെച്ച് എങ്ങും ആവേ

ശം നിറയുകയാണ്.

ജർമ്മനിയിലെ ആർഭാടകാർ നിർമ്മാതാക്കളായ സെയ്മ്ലർ ക്രിസ്ലർ ലോകത്തിലേറ്റവും വിലയേറിയ കാർ ഈയിടെ ഇന്ത്യയിൽ പുറത്തിറക്കി. ഒരെണ്ണത്തിന് അഞ്ഞൂറ് കോടി രൂപയോളം വില വരുന്ന കാർ വാങ്ങാൻ ഇപ്പോഴേ തിരക്കുതുടങ്ങിയിരിക്കുന്നു. ക്രിക്കറ്റ് ഭ്രാന്തു നിറഞ്ഞ ഒരു രാജ്യത്തിൽ ഗുളിക രൂപത്തിലുള്ള കളി ഐ.പി.എൽ കൊണ്ടുവരുമ്പോഴാണ് ഇതും സംഭവിക്കുന്നതെന്നോർക്കുക. കുടുംബത്തോടെ, കൂടെക്കൂടെയുള്ള ക്ഷേത്രദർശനങ്ങളിലൂടെ അമിതാബ് ബച്ചൻ പുരാതന മതമൂല്യങ്ങളെ പുനർ നിർണ്ണയം ചെയ്യുന്നതും ഇതേ സന്ദർഭത്തിൽത്തന്നെ. ബോളിവുഡ് ഇപ്പോൾ പുതിയ സ്വപ്നങ്ങളൊന്നും വില്പനക്കു വക്കുന്നില്ല. അപ്രകാശിത രേഖകളിലൊക്കെ പട്ടിണിക്കാരുടെയും പാവങ്ങളുടെയും ശതമാനകണക്കുകൾ പ്ലാനിങ് കമ്മീഷൻ ലഘൂകരിച്ചു കാണിച്ചിട്ടും ഏറ്റകുറച്ചിലുകളുടെ വർദ്ധനവിനെ മെരുക്കിയെടുക്കാൻ കണക്കിന്റെ ഒരു മന്ത്രജാലത്തിനും കഴിഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പുകൾക്കും വികസന ചിത്രങ്ങളുടെ കപട വിപണന പ്പെരുക്കങ്ങൾക്കുമിടയിൽ ധാരാളിത്തത്തിലെ 'പട്ടിണി' എന്ന വിരോധാഭാസം ഏറെ പരിഹാസ്യതയോടെ കൃത്യമായി മറച്ചുവച്ചിരിക്കുന്നു. സ്വിറ്റ്സർലണ്ടിലെ ജനസംഖ്യയോളം വരുന്ന 75 ലക്ഷത്തോളം ആളുകൾ, ഇന്ത്യൻ റെയിൽവേയിലെ താരതമ്യേന ശമ്പളം കുറഞ്ഞ 28,000 ഒഴിവുകൾക്ക് അപേക്ഷിച്ചിരിക്കുകയാണ്. രാജ്യം വിവര സാങ്കേതികവിദ്യയിൽ അതിവേഗപ്പാത വെട്ടിത്തുറക്കുന്ന വേളയിൽ ഇക്കാര്യങ്ങളൊന്നും പ്രസക്തമേയല്ല. സാങ്കേതികരംഗത്തുള്ള പുരോഗതി അതിഗംഭീരം തന്നെ. പക്ഷേ, വിവര സാങ്കേതിക വിദ്യ അഞ്ചുലക്ഷം തൊഴിലവസരങ്ങളേ പ്രദാനം ചെയ്തിട്ടുള്ളൂ. അതുപോലെ, കൊട്ടിഘോഷിക്കപ്പെട്ട ബി.പി.ഒ മേഖല 106 ലക്ഷം പേർക്കു മാത്രമേ ജോലി കൊടുത്തിട്ടുള്ളൂ.

പക്ഷേ വിവരസാങ്കേതിക വിദ്യാമണ്ഡലത്തെ പ്രകീർത്തിയ്ക്കുകയാണ് മാധ്യമങ്ങൾ. ഒരു അർദ്ധദൈവത്തെപ്പോലെയാണ് മുൻ ഇൻഫോസിസ് മേധവി നാരായണ മൂർത്തി അഭിമുഖം ചെയ്യപ്പെടുന്നത്. ഐ.ടി രംഗത്തേക്ക് എത്രത്തോളം സബ്സിഡിയാണ് ഭിക്ഷ നല്കപ്പെട്ടിട്ടുള്ളതെന്ന് ആരും ചോദിക്കുന്നില്ല. ഇന്ത്യയിലെ ഉന്നത ഹോട്ടലുകളെപ്പോലും പുറകിലാക്കിക്കൊണ്ട് 15,000 ൽ അധികം മുറികൾ ഇൻഫോസിസ് പണിതെടുത്തത് എങ്ങനെയെന്ന് ആരും ചോദിച്ചില്ല. ഐടി പ്രതിഭകൾ തിമർക്കുന്ന ബാംഗ്ലൂരിലെ സാധാരണ അങ്ങാടികളിൽ ശരാശരിക്കാരൻ നിശബ്ദനായി നരകിക്കുന്നതെങ്ങനെയെന്നത് ആരുടെയും ഉൽകണ്ഠയല്ല. നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയർന്നിരിക്കുന്നു. പുതു പണക്കാരുടെ ആർഭാട വാഹനങ്ങൾ റോഡിലെങ്ങും ഗതാഗതക്കുരുക്കുകളുണ്ടാക്കുന്നു. ഒരുകൂട്ടം ആൾക്കാരുടെ യാതനകൾക്കു മേൽ മറ്റൊരു സംഘം ആളുകൾ സുഖിക്കുന്നു.

മാധ്യമങ്ങൾക്ക് എന്തെങ്കിലും സാമൂഹ്യ പ്രതിബന്ധതയുണ്ടോ എന്നു പോലും ഞാൻ സംശയിക്കുന്നു. അല്ലെങ്കിൽ, ചുരുക്കം ചിലരുടെ വാണിജ്യ താല്പര്യങ്ങളുടെ ഉന്നമനത്തിനു വേണ്ടിയാണോ പ്രതിബന്ധതയെക്കുറിച്ച് അവർ പേർത്തും പേർത്തും ആശങ്കപ്പെടുന്നത്. അഥവാ പണക്കാർക്കുവേണ്ടി, പണക്കാരുടെ, പണക്കാരാലുള്ള മാധ്യമം എന്നാണോ? വ്യവസായവത്കരണമല്ല പട്ടിണിയാണ് ഏറ്റവും വലിയ മലിനകാരിണി എന്ന അത്യുക്തി വ്യവസായ വിഷജീവികളെ സഹായിക്കാനാണ്. സർക്കാരിന്റെ സാമ്പത്തിക നയവൈകല്യങ്ങളാൽ സംഭവിച്ച പാരിസ്ഥിതിക പ്രശ്നങ്ങളെ ന്യായീകരിച്ചുകൊണ്ടുള്ള പി. ചിദംബരത്തിന്റെ വാദമുഖങ്ങളെ ആരും ഖണ്ഡിക്കുന്നില്ല? വ്യാവസായവത്ക്കരണമല്ല പ്രതിയെങ്കിൽ 'ക്യോട്ടോ പ്രോട്ടോകോൾ തീരുമാനങ്ങളിൽ' എന്തിനാണ് (കാർബൺ) വിസർജ്യങ്ങളിലെ വെട്ടിച്ചുരുക്കലുകൾ നടപ്പാക്കിയത്? നമുക്കെന്തുകൊണ്ട് ആഗോള താപനത്തെയും ക്രമീകരണ പ്രക്രിയയേയും പറ്റി പ്രതിപാദിയ്ക്കേണ്ടതായി വരുന്നു? ഇക്കാര്യത്തെക്കുറിച്ച് ഉറക്കെ ചിന്തിച്ച അന്താരാഷ്ട്ര പാനലിന് എങ്ങനെ നോബൽ സമ്മാനം ലഭിച്ചു? പാരിസ്ഥിതിക മലിനീകരണമെന്ന വാദം അടുത്ത കാലത്തൊന്നും ആരും പറഞ്ഞു കേട്ടിട്ടില്ല. നോക്കൂ. വൻവ്യവസായങ്ങൾക്കും കമ്പനികൾക്കും വേണ്ടി മാത്രമാണ് മാധ്യമങ്ങൾ ചോരനീരാക്കുന്നത്.

അന്താരാഷ്ട്ര വാണിജ്യ സംഘടനക്കു കീഴിൽ 'ഫ്രീട്രേഡ്' പരിപോഷിപ്പിക്കുന്നേടത്തോളം 'ക്യോട്ടോ പ്രോട്ടോകോൾ' എങ്ങനെ പ്രാവർത്തികമാക്കും എന്നെനിക്കു മനസ്സിലാകുന്നില്ല. സത്യത്തിൽ ഈ രണ്ട് അന്താരാഷ്ട്ര ഉടമ്പടികളും സ്വതന്ത്രവ്യാപാരത്തിനെയും കാലാവസ്ഥാ വ്യതിയാനത്തെയും കുറിച്ചുതന്നെയാണ് ചർച്ചചെയ്തത്. എത്രത്തോളം വ്യാപാരം കൂടുന്നുവോ അത്രയും തന്നെ ഗ്രീൻഹൗസ് വാതകങ്ങൾ ഉല്പാദിപ്പിക്കപ്പെടുമെന്നും അത്രത്തോളം ആഗോള താപനമുണ്ടാകുമെന്നും മനസ്സിലാക്കാൻ സാധാരണ ബുദ്ധിമാത്രം മതി. ഭൂഖണ്ഡത്തിന്റെ രക്ഷകരെന്നു നടിക്കുന്ന ക്യോട്ടോ പ്രോട്ടോകോൾ ഉടമ്പടിക്കാർ, വർദ്ധിച്ച വ്യാപാരം മൂലമുണ്ടാകുന്ന പരിസ്ഥിതി നാശം മാത്രമെന്തേ കാണാതെ പോകുന്നു? കാളവണ്ടികളിലല്ല ഇപ്പോൾ വ്യാപാരം. അത് കൂടുതൽ ഗതാഗത സംവിധാനങ്ങളും കൂടുതൽ ഫോസിൽ ഫ്യുവൽ ഉപഭോഗവും ആവശ്യപ്പെടുന്നു. അതുപോലെ പുതിയ അന്താരാഷ്ട്ര വ്യാപാരസന്ധികൾ നിർണ്ണയിക്കുന്നവർ തന്മൂലമുണ്ടാകുന്ന പാരിസ്ഥിതിക ദോഷങ്ങൾ കണക്കിലെടുക്കുന്നതേയില്ല. വികസന കണക്കുകളിൽ എടുത്തുപറയുമ്പോൾ പ്രകൃതി വിനാശത്തിന്റെ അഴുകിയ സത്യങ്ങൾ വെളിച്ചം കാണുന്നതേയില്ല. അവ വിലയിരുത്തുന്നതിൽ മാധ്യമങ്ങൾ അക്ഷന്തവ്യമായ അപരാധമാണ് തുടർന്നുവരുന്നത്.

പാരിസ്ഥിതിക മലിനീകരണത്തിൽ പ്രധാനി വാഹന നിർമ്മാതാക്കളാണെന്ന് ഏവരും തലകുലുക്കി സമ്മതിക്കുന്ന വസ്തുതയാണിതെങ്കിലും ഭീമൻ വാഹനനിർമ്മാതാക്കൾ ഇന്ത്യയിലേക്കു കളം മാറുമ്പോൾ മാധ്യമങ്ങൾ മൗനികളാകുന്നു. വിദേശ മൂലധനനിക്ഷേപത്തിന്റെയും തൊഴിലവസര വർദ്ധനവിന്റെയും ഊതിപ്പെരുപ്പിച്ച കണക്കുകൾക്കിടയിൽ വാഹനങ്ങളുണ്ടാക്കാൻ ഉപഭോഗം ചെയ്യപ്പെടുന്ന വെള്ളത്തിന്റെ അളവ് ആരും ശ്രദ്ധിക്കുന്നില്ല. ഏറ്റവും കൂടുതൽ ജലം ചൂഷണം ചെയ്യുന്നത് വാഹനനിർമ്മാതാക്കളാണ്. അങ്ങനെയുണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും മനുഷ്യാരോഗ്യത്തിനുണ്ടാകുന്ന വിപരീതഫലങ്ങളും മാധ്യമങ്ങൾക്ക് വിഷയമാകുന്നില്ല. പുത്തൻ കാറുകളുടെ പുതുപുത്തൻ

മോഡലുകൾ അവതരിപ്പിക്കാത്ത ഒരൊറ്റ ടെലിവിഷൻ ചാനലുമില്ല. ടെലിവിഷൻ അതു ചെയ്യുമ്പോൾ അച്ചടി മാധ്യമങ്ങൾക്ക് എങ്ങനെ അവക്കെതിരെ പുറം തിരിയാനാകും? കാർ നിർമ്മാതാക്കൾക്ക് ഇഷ്ടംപോലെ പണമുണ്ട്, പരസ്യത്തിന് ചെലവാക്കാൻ. അതുമൂലമുണ്ടാകുന്ന ഭീകരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയെന്ന ഭാരിച്ച ഉത്തരവാദിത്തം പലപ്പോഴും സെന്റർ ഫോർ സയൻസ് ആന്റ് എൻവിറോൺമെന്റ് പോലുള്ള എൻ.ജി.ഒകൾക്കാണ് വന്നുചേരുന്നതെന്നുമാത്രം.

ഇതിനൊക്കെയിടയിൽ, ഇന്ത്യയിൽ പട്ടിണികൂടിക്കൊണ്ടിരിക്കുകതന്നെയാണ്. ലോകത്തിലെ കണക്കാക്കപ്പെട്ട 85.2 കോടി പട്ടിണിക്കാരിൽ മൂന്നിലൊന്നും ഇന്ത്യയിൽത്തന്നെ. സത്യത്തിൽ പട്ടിണിയും ദാരിദ്ര്യവും തമ്മിൽ വല്ലാത്തൊരു പാരസ്പര്യമുണ്ട്. കൂടിക്കൂടി വരുന്ന തൊഴിലില്ലായ്മയുടെയും പട്ടിണിമരണങ്ങളുടേയും കണക്കുകൾ ഇടക്കിടെ ഒന്നാം പേജിൽ സ്ഥാനം പിടിക്കാറുണ്ട്. 2002ൽ, ഇത്തരം വാർത്തകൾ, സാമ്പത്തികമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും കേൾക്കുകയുണ്ടായി.

അതേസമയം മിച്ചധാന്യം ഇന്ത്യ കയറ്റുമതി ചെയ്യുകയാണ്. 32 കോടി ജനങ്ങൾ അടിന്തിരമായി ഭക്ഷണമാവശ്യപ്പെട്ട് ഉഴലുമ്പോൾ ആറ് കോടി ടൺ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുകയാണ്. പട്ടിണിക്കാർക്ക് ഉപകരിക്കേണ്ടിയിരുന്ന 1.7 കോടി ടൺ ഭക്ഷ്യധാന്യം 2002ൽ ചുളുവിലക്ക് കയറ്റുമതി ചെയ്ത് ഭാരതം ഖ്യാതി നേടി. രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട വിശിഷ്ട വ്യക്തികളുൾപ്പെടെ ഒരു രാഷ്ട്രീയ നേതാവും ഈ നികൃഷ്ടമായ വിരോധാഭാസം പാർലമന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ മെനക്കെടില്ല.

ജനം പട്ടിണികൊണ്ട് നരകിക്കുമ്പോൾ സർക്കാർ ധാന്യകൂമ്പാരങ്ങൾക്കു മുകളിൽ വിരാജിക്കുന്നു. ഫുഡ് കോർപ്പറഷന്റെ സംഭരണികൾ നിറഞ്ഞുകവിഞ്ഞിഞ്ഞുകിടക്കവേ 2001ൽ, 13 സംസ്ഥാനങ്ങളിൽ നിന്നും പട്ടിണിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അഴുകിപ്പോയതും എലി തിന്നതും കൂടാതെയാണിത്. കയറ്റുമതി ചെയ്യാൻ ആൾക്കാരെ കണ്ടെത്താനാകാതെ, അടുത്ത വിളവിന് വഴിയൊരുക്കാൻ പഴയ ധന്യമെല്ലാം കടലിൽത്തള്ളാനും ഒരു നിർദ്ദേശമുണ്ടായിരുന്നു. ഓരോ ധാന്യചാക്കും മേൽക്കുമേൽ അടുക്കിവച്ചാൽ ചന്ദ്രനിലെത്താൻ വേറെ വാഹനമൊന്നും അന്വേഷിക്കേണ്ടിവരില്ല, ചുമ്മാ നടന്നു പോയാൽ മതി. അത്രത്തോളം ധാന്യസംഭരണമുണ്ട് നമുക്ക്.

ഓരോ പൗരനും ആവശ്യമായത്ര ഭക്ഷ്യധാന്യം ഉറപ്പിക്കുകയെന്ന മൗലികാവകാശം സംരക്ഷിച്ചു കിട്ടാൻ ചില എൻ.ജി.ഒകൾ അതേ വർഷം സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. ജസ്റ്റിസ് ബി.എൻ. കൃപാലും ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണനും ഉൾപ്പെട്ട ബഞ്ച് ഭക്ഷ്യധാന്യം കുമിഞ്ഞുകൂടവെ ഒരാളും പട്ടിണി കിടക്കാതിരിക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാരിനോടാവശ്യപ്പെട്ടു. അത്തരം ഒരു പദ്ധതിയുണ്ടാക്കാൻ കുറഞ്ഞത് രണ്ടാഴ്ചയെങ്കിലും സമയം വേണ്ടിവരുമെന്ന അറ്റോർണി ജനാലിന്റെ അപേക്ഷയിൽ ആവശ്യമുള്ള സമയമെടുത്തോളാൻ അനുവാദം നല്കപ്പെട്ടു. ധാരാളിത്തത്തിനിടയിലെ രാഹിത്യമെന്ന അസാധാരണ സംഗതിയെക്കുറിച്ച് ഒറീസ, രാജസ്ഥാൻ ചാണ്ഡീഗഢ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ പ്രതികണവും കോടതി ആരാഞ്ഞു.

2001ൽ ആണിത് രണ്ടുവർഷത്തിനു ശേഷമാണ് ഒറീസയിലെ സുമിത്രാ ബെഹ്റക്ക് പട്ടിണിമൂലം തന്റെ പെൺകുഞ്ഞിനെ വില്കേണ്ടിവരുന്നത്. മദ്ധ്യപ്രദേശിൽ ഒരിക്കൽ നടത്തിയ സർവ്വേയിൽ ശിവപുരി ജില്ലയിലെ 43 ബ്ലോക്കുകളിലെ 67–85 കുട്ടികൾ ഭീകരമായ പോഷകാഹാരക്കുറവ് – ശരാശരി ഒരു ബ്ലോക്കിൽ 160 കുട്ടികൾ – അനുഭവപ്പെടുന്നായി കണ്ടെത്തുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ല. പോഷകാഹാരക്കുറവ് കുട്ടികളിലും സ്ത്രീകളിലും പെരുകിവരികയാണ്. രാജ്യത്തെ പോഷകാഹാരക്കുറവിന്റെ വ്യാപ്തി ഇനിയും നിഗൂഢമാണ്. മാധ്യമങ്ങൾ ഒച്ചപ്പാടുകളെ വാർത്തയാക്കുന്നില്ല. പട്ടിണിതന്നെ വാർത്തയാകുന്നത് ആരെങ്കിലും മരണമടയുമ്പോഴാണ്.

2004 മെയ്മാസത്തിൽ അധികാരമേറ്റ ശേഷം പ്രധാനമന്ത്രി മൻമോഹൻ സിങ്ങ് തന്റെ പ്രസംഗങ്ങളിലൊന്നിൽ 161 ഗ്രാമങ്ങൾ നക്സലൈറ്റ് ഭീഷണിയിലാണെന്നു പറഞ്ഞത് ഞാനോർക്കുന്നു. വളർന്നുവരുന്ന നക്സലൈറ്റ് ഭീഷണിയെക്കുറിച്ച് അദ്ദേഹം വ്യാകുലപ്പെട്ടു. 2008ൽ നക്സലൈറ്റ് ബാധിത ഗ്രാമങ്ങളുടെ എണ്ണം 200 കടന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഇന്ത്യയുടെ മൂന്നിലൊന്ന് നക്സലൈറ്റ് ബാധിതമാണ്. മുഖ്യമന്ത്രിമാർ കൂടുതൽ നിയന്ത്രണങ്ങൾ (കൂടുതൽ ഫണ്ടുകളും) ആവശ്യപ്പെടുമ്പോൾ നക്സലൈറ്റ് ബാധയുടെ വളർച്ചയുടെ മൂലകാരണങ്ങളെക്കുറിച്ച് ആരും അന്വേഷിക്കുന്നില്ല – കൃഷിയുടെ പതനം മൂലമുണ്ടായ അന്തുലിതാവസ്ഥയാണ് തീവ്രവാദത്തിന്റെ വളർച്ചയിലേക്ക് വഴിതെളിച്ചത്. ഇന്ത്യൻ കൃഷിരംഗം ഏറ്റവും വലിയ പ്രതിസന്ധിയെയാണ് നേരിടുന്നത് എന്നതിൽ അത്ഭുതമില്ല. വ്യവസായവല്ക്കരണത്തെ പരിപോഷിപ്പിക്കുന്ന സർക്കാരിന്റെ തന്നെ നയങ്ങളുടെ വൈകല്യമാണ് ഇതിന്റെ മൂലകാരണം. രാജ്യത്തെ വിശാലമായ കൃഷിയിടങ്ങൾ അതിവേഗത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കൃഷിക്ക് മഴദൈവങ്ങൾ തന്നെ തുണ.

ഹരിയാനയിൽ സംസ്ഥാനത്തിന്റെ 30 ശതമാനവും പ്രത്യേക സാമ്പത്തിക മേഖലക്കു കീഴിൽ വരുന്നതാണ്. ഈ ധൃതിയ്ക്കിടയിൽ കൃഷി മനഃപൂർവം തഴയപ്പെടുകയാണ്. വ്യവാസയവല്ക്കരണം അനുഭവവേദ്യമാക്കുന്ന രൂക്ഷമായ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ സമ്മർദ്ദങ്ങളെക്കുറിച്ച് വിദൂരമായിപ്പോലും ബോധവാന്മാരല്ല എന്നിരിക്കേ ഭൂരിഭാഗം മുഖ്യമന്ത്രിമാരും വസ്തുകച്ചവടക്കാരായി മാറിയിരിക്കുകയാണ്.

മാധ്യമങ്ങൾ പുത്തൻ ഗ്രാമാധിപതികളുടെ ഉയർച്ചയിൽ ആഘോഷിക്കുകയാണ്. പരസ്യങ്ങളാണ് വാർത്താമൂല്യം നിർണ്ണയിക്കുന്നത്. (പ്രാദേശകി ഭാഷകളിലും ഈ രീതി ശക്തിപ്രാപിക്കുകയാണ്.) ഒരു വൻകോർപ്പറേറ്റ് സ്ഥാപനത്തിന്റെ മുതലാളിയുടെ കുഞ്ഞ് അപഹരിക്കപ്പെട്ടാൽ മാധ്യമങ്ങൾക്കെല്ലാം വേവലാതിയായി. ബ്രേക്കിങ് ന്യൂസുകളുടെ പ്രളയമായി. ദിവസം മുഴുവൻ അവരുടെ സ്വന്തമായ അന്വേഷണവുമായി മാധ്യമങ്ങൾ ആഘോഷിച്ചു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ സാമൂഹ്യബാദ്ധ്യത മഞ്ഞു

പോലെ ഉരുകി അപ്രത്യക്ഷമായത്, നോയ്ഡയിൽ 38 കുട്ടികൾ കാണാതായപ്പോഴാണ്.

2007ലെ പുതുവത്സരത്തിൽ മുംബൈയിലെ ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ വച്ച് ഒരു സ്ത്രീ ആക്രമിക്കപ്പെട്ടു. ഒരു മുംബൈ ദിനപ്പത്രം അതിനെ ദേശീയമാനക്കേടായി ചിത്രീകരിച്ചു. ഇലക്ട്രോണിക് മീഡിയ സംഗതി ഏറ്റെടുത്തു. മുംബൈ സംഭവം നാണക്കേടു മാത്രമല്ല താഴ്ന്ന മധ്യവർഗ്ഗക്കാർ എത്ര ഹീനരാണെന്ന് ദിവസങ്ങളോളം പറഞ്ഞുകൊണ്ടിരുന്നു. ബുദ്ധിജീവികളും ഈ ഉദ്ഘോഷണത്തിന് കൂടെക്കൂടി. മാധ്യമങ്ങളുടെ വേഷം മാറലിനെ ആരും ചോദ്യം ചെയ്തതേയില്ല. ഓരോ ദിവസവും പത്രത്താളുകൾ മറിയ്ക്കുമ്പോൾ അർദ്ധനഗ്നകളായ സ്ത്രീകളുടെ വർണ്ണചിത്രങ്ങൾ ഇഷ്ടംപോലെ കാണാം. ഒരു ഇംഗ്ലീഷ് പത്രത്തിൽ ഞാൻ 62 എണ്ണം വരെ കണ്ടു. ടി.വി. തുറന്നാൽ ഇത്തരം സ്ത്രീകളുടെ ചടുലതാളത്തിലുള്ള നൃത്തങ്ങളും കാണാം. അശ്ലീലചിത്രങ്ങൾ അച്ചടിക്കാനും ലൈംഗിക വിഷയങ്ങൾ ചർച്ചയാക്കാനും അവർക്കധികാരമുണ്ടെന്ന് മാധ്യമങ്ങൾ കരുതുന്നു. അതുകൊണ്ട് ഇത്തരം അധമമായ രീതികൾ ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്നവർ കരുതുന്നു. മാധ്യമങ്ങളുടെ ബിസിനസ്സ് താത്പര്യങ്ങൾ സംരക്ഷിക്കുകയും വേണമല്ലോ അവർക്ക്. ആ ചർച്ചകളും ചിത്രങ്ങളും പങ്കിട്ടശേഷം വായനക്കാർ അലഹബാദിലെ അർദ്ധകുംഭമേളയിൽ പങ്കെടുത്ത് മുങ്ങിനിവരണമെന്ന് മാധ്യമങ്ങൾ അതേസമയം നിഷ്കർഷിക്കുന്നു. മാധ്യമങ്ങളുടെ അശ്ലീലപ്രചരണത്തിന്റെ പ്രത്യക്ഷമായ അനുഭവമാണ് ബോംബെ സംഭവം എന്ന് അവരുടെ മുഖത്തുനോക്കിപ്പറയാൻ എന്നാണ് ആർക്കെങ്കിലും ധൈര്യമുണ്ടാവുക. അതെത്രയും അപമര്യാദയായെന്ന് പറയാൻ ആർക്കെങ്കിലും ത്രാണിയുണ്ടാകുമോ?



**ജനം പട്ടിണികൊണ്ട് നരകിക്കുമ്പോൾ സർക്കാർ ധാന്യകൂമ്പാരങ്ങൾക്ക് മുകളിൽ വിരാജിക്കുന്നു. ഫുഡ് കോർപ്പറഷന്റെ സംഭരണികൾ നിറഞ്ഞുകവിഞ്ഞിഞ്ഞു കിടക്കവേ 2001ൽ, 13 സംസ്ഥാനങ്ങളിൽ നിന്നും പട്ടിണിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. അതേസമയം കയറ്റുമതി ചെയ്യാൻ ആൾക്കാരെ കണ്ടെത്താനാകാതെ, അടുത്ത വിളവിന് വഴിയൊരുക്കാൻ പഴയ ധാന്യമെല്ലാം കടലിൽത്തള്ളാനും ഒരു സർക്കാർ നിർദ്ദേശമുണ്ടായിരുന്നു**

കർഷക ആത്മഹത്യയെക്കുറിച്ച് വായിക്കാത്ത ദിവസമുണ്ടാവില്ല. 1993 മുതൽ 15,0000ൽ അധികം പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. മാധ്യമങ്ങൾ വളരെ ഉപരിപ്ലവമായി മാത്രമേ അവയെ നോക്കിക്കണ്ടുള്ളൂ. വികസനത്തിനെതിരെയുള്ള ഇത്തരം 'അമാനുഷിക' സംഭവങ്ങളെ റിപ്പോർട്ടുചെയ്യാൻ അവർക്കെവിടെ സമയം! ന്യൂസ് റൂമുകളിലുള്ളവരാരും മരിച്ചവരുടെ ബന്ധുക്കളൊന്നുമല്ലല്ലോ? മാധ്യമങ്ങൾ ഇപ്പോൾ പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ ഭാഗവുമല്ല അവർ. മാധ്യമ പദപ്രയോഗങ്ങളിൽ 'ഡൗൺ മാർക്കറ്റ്' എന്ന സംബോധനയേ ഈ കർഷകർ അർഹിക്കുന്നുള്ളൂ.

നിശ്ചയമായും ജസ്സീക്കാ ലാലിന്റെയോ പ്രിയദർശിനി മുട്ടുവിന്റെയോ കേസുകൾ കുത്തിപ്പൊക്കാൻ മാധ്യമങ്ങൾക്ക് സ്ഥലവും ധൈര്യവുമുണ്ട്. ഇത്തരം കേസുകൾ ചർച്ചചെയ്യപ്പെടരുതെന്നല്ല ഞാൻ പറയുന്നത്. ന്യൂഡൽഹിയിലെ ഇന്ത്യഗേറ്റിൽ ജസ്സീക്കാ ലാലിനുവേണ്ടി നടത്തിയ മെഴുകുതിരി പ്രകടനം മാത്രമല്ല, പ്രകടനക്കാർക്ക് ആ മെഴുകുതിരികൾ വിതരണം ചെയ്തത് ആരായിരുന്നെന്നുകൂടി മാധ്യമങ്ങൾ പ്രസിദ്ധീകരിക്കണമായിരുന്നു. ആത്മഹത്യ ചെയ്യുന്ന കർഷകർക്കു വേണ്ടി അത്തരമൊരു പ്രകടനം എന്തേ ഉണ്ടാകാത്തത്? രാജ്യത്തെ ഏതെങ്കിലുമൊരു കോണിൽ രണ്ടു കർഷകർ വീതം ഓരോ മണിക്കൂറിലും ജീവനൊടുക്കിക്കൊണ്ടിരിക്കുകയാണ്. മാധ്യമങ്ങൾ സ്വന്തം ഉത്തരവാദിത്തം തിരിച്ചറിയും വരെ ഇനിയും എത്ര കർഷകർ കൂടി ബലികൊടുക്കപ്പെടേണ്ടതായുണ്ട്?

പട്ടിണിയെ നിലനിർത്തുന്ന ആഗോള മാധ്യമങ്ങളുടെ ഭാഗമാണ് നമ്മളൊക്കെ. പൊതുദൃഷ്ടിയിൽ നിന്നും ദാരിദ്ര്യവും പട്ടിണിയും പരിസ്ഥിതി നാശവും പോലെയുള്ള യാഥാർത്ഥ്യങ്ങൾ മറച്ചു പിടിച്ച് 'സുഖാനുഭൂതി'യുടെ നെടുങ്കൻ വാദങ്ങൾ നമ്മൾ നിരത്തുന്നു. ഒരർത്ഥത്തിൽ പട്ടിണിയുടേയും ദാരിദ്ര്യത്തിന്റേയും കാരണക്കാർ മാധ്യമങ്ങൾ തന്നെയാണ്. സാമൂഹ്യ യോഗ്യതകളെക്കുറിച്ച് ബാധ്യതയായി പറയാൻ മാധ്യമങ്ങളുടെ ഒട്ടകപ്പക്ഷി നയം സഹായിക്കില്ല. മാധ്യമങ്ങളുടെ അസ്തിത്വത്തിന്റെ മൂല്യങ്ങൾ അവർ വീണ്ടെടുത്തേ മതിയാകൂ. മാധ്യമങ്ങളുടെ പങ്കിനെ ചോദ്യം ചെയ്യാൻ കെല്പ്പുള്ള വ്യക്തികളെയും അത് ആവശ്യപ്പെടുന്നുണ്ട്. മാധ്യമങ്ങൾ ഇനിയും നാലാമത്തെ എസ്റ്റേറ്റല്ല.

*(സേജ് ബുക്ക്സ് പ്രസിദ്ധീകരിച്ച 'ദി ഗ്രീൻ പെൻ, എൻവിയോൺമെന്റൽ ജേർണലിസം ഇൻ ഇന്ത്യ ആന്റ് സൗത്ത് ഏഷ്യ' എന്ന പുസ്തകത്തിലെ ലേഖനം)*